# ST. CHRISTOPHER'S CHURCH

## C.N.I. MALAYALAM CONGREGATION, KALYAN

# PARISH JOURNAL

## 2025 - Year of Dedication




**SUNDAY WORSHIP: 11 AM**
**FRIDAY PRAYER: 8 PM (GOOGLE MEET)**
**WF PRAYER: 3RD SATURDAY 7 PM**

CHURCH OF NORTH INDIA
UNITY - WITNESS - SERVICE

*From Presbyter's Desk*

കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഏവർക്കും സ്നേഹവന്ദനം

**2025 സമർപ്പണത്തിന്റെ വർഷം**

കർത്താവിൽ പ്രിയരേ,

ഒരു ക്രിസ്തുവിശ്വാസിയുടെ ജീവിതത്തിന്റെ അടിസ്ഥാനം പണിയപ്പെട്ടിരിക്കുന്നതു ആ വ്യക്തിക്ക് ക്രിസ്തുവിനോടുള്ള സമർപ്പണത്തിലാണ്. അതിന്റെ ആഴം അവന്റെ ജീവിതത്തെയും പ്രവത്തനത്തെയും മാറ്റിമറിക്കും. ഈ വർഷം സമർപ്പണത്തിന്റെ വർഷമായി നാം വേര്തിരിച്ചിരിക്കുന്നതിനാൽ അതിനെക്കുറിച്ചുള്ള ഒരു പ്രാരംഭ പഠനമാണ് ഈ ലേഖനത്തിലൂടെ ഉദ്ദേശിക്കുന്നത്.

സമർപ്പണം എന്ന മലയാള പദത്തിന് 'ദാനം, കാഴ്ചവെക്കൽ, പൂർണമായി അർപ്പിക്കുക' എന്നൊക്കെ അർഥം ഉണ്ട്. Dedication എന്ന ഇംഗ്ലീഷ് പദത്തിന് 'വളരെ പ്രധാനപെട്ടതായ ഒരു കാര്യത്തിനായി നമ്മുടെ ഊർജവും സമയവും നൽകുക' എന്നാണ് അർദ്ധം കാണിച്ചിരിക്കുന്നത്. എന്നാൽ വേദപുസ്തകത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നും സമർപ്പണമെന്നത്; 'ദൈവത്തിനുവേണ്ടിയോ ദൈവീക കാര്യത്തിനുവേണ്ടിയോ ഒരു വ്യക്തിയെയോ സമൂഹത്തെയോ വസ്തുവിനെയോ വേർതിരിക്കുക അല്ലെങ്കിൽ പ്രതിഷ്ഠിക്കുക' എന്നതാണ് അർഥമാക്കിയിരിക്കുന്നതു. എന്നാൽ പഴയനിയമത്തിലെ തത്തുല്യ പദത്തിന്റെ തര്ജിമയിൽ Dedication, Consecration എന്നീ വാക്കുകൾ ട്രാൻസിലേഷൻ ആയി ഉപയോഗിച്ചിട്ടുണ്ട്, അതുകൊണ്ടു സമർപ്പിക്കുക, പ്രതിഷ്ഠിക്കുക എന്നീ വാക്കുകൾ പകരമായി ഉപയോഗിക്കാവുന്നതാണ്. പഴയനിയമത്തിൽ ഇസ്രായേൽ ജനത മുഴുവനായി ദൈവത്തിനായി സമർപ്പിക്കപ്പെട്ടവർ (വേർതിരിക്കപ്പെട്ടവർ) ആയി കാണുന്നു. കൂടാതെ പുരോഹിതർ, ദേവാലയം, ദേവാലയത്തിലെ വസ്തുക്കൾ എന്നിവയും (പുറ. 19:5-6; 29:1-57, ആവർ. 7:6; 14:2, 1 രാജാ. 8:63). പുതിയനിയമത്തിൽ സഭ മുഴുവനായും വിശ്വാസികളും ദൈവത്തിനായി വേർതിരിക്കപ്പെട്ടവർ (സമർപ്പിക്കപ്പെട്ടവർ) ആണെന്ന് വിവിധ ലേഖനങ്ങളിൽ കാണാം (എഫേ. 5:26, 1പത്രോ. 2:5).

**ശാമുവേലിന്റെ സമർപ്പണം**

നാം കുറിവാക്യമായി തിരഞ്ഞെടുത്തിരിക്കുന്ന ശാമുവേലിന്റെ ദൈവവിളിയോടുള്ള പ്രതികരണം "അരുളിചെയ്യേണമേ അടിയൻ കേൾക്കുന്നു" (1ശമുവേൽ 3:10) എന്നത് സമർപ്പണത്തിന്റെ വാക്കുകളാണ്. ഈ സമർപ്പണത്തിനിടയാക്കിയത് ദൈവവിളി ലഭിച്ചതിനാലാണ്. എന്നാൽ ദൈവമാണ് വിളിക്കുന്നതെന്ന് മനസ്സിലാകാതെ ഏലി പുരോഹിതന്റെ അടുക്കൽ വീണ്ടും വീണ്ടും പോകുന്ന ശാമുവേലിന്റെ വിളിയോടുള്ള പ്രതികരണമാണ് അവനെ സമർപ്പണത്തിലേക്കു നയിച്ചത്. എന്നാൽ ദൈവീക വിളിയെക്കുറിച്ചും ദർശനത്തെകുറിച്ചും ബോധ്യമുള്ള ഏലി പുരോഹിതൻ കാഴ്ച മങ്ങിയതോടൊപ്പം സ്വന്തം വിളിയെക്കുറിച്ചുള്ള ബോധ്യവും നഷ്ട്ടപെട്ടവനായി ഇവിടെ കാണുന്നു. തന്റെ കുറവിനെ/ തെറ്റിനെ മറികടക്കുവാൻ അവൻ ഒരു ശ്രമവും നടത്തുന്നില്ല. ദൈവീക സമർപ്പണം നഷ്ട്ടപെടുത്തരുതെന്ന ഓർമപ്പെടുത്തലാണ് ഏലി പുരോഹിതൻ നൽകുന്നത്. മാത്രമല്ല, വിളി കേട്ട് സമർപ്പിച്ചവർക്കു മറ്റുള്ളവരെ സമർപ്പണത്തിലേക്കു നയിക്കുവാനുള്ള ഉത്തരവാദിത്വവും ഉണ്ട്.

**സമർപ്പണം എങ്ങനെ?**

പൗലോസ് റോമിലെ സഭയ്ക്ക് എഴുതുമ്പോൾ ആ സഭയിലെ വിശ്വാസികളോട് പറയുന്നത് "നിങ്ങളുടെ ശരീരങ്ങളെ ദൈവത്തിനു ... പ്രസാദമുള്ള യാഗങ്ങളായി സമർപ്പിക്കുവാനാണ്" (12:1). അതായതു പഴയനിയമത്തിൽ ഇസ്രായേൽ മക്കൾ തങ്ങളെ സമർപ്പിക്കുന്നതിന്റെ അടയാളമായി യാഗം കഴിക്കുകയും ചില വസ്തുക്കൾ ദേവാലയത്തിനായി നൽകുകയും ചെയ്തതുപോലെയല്ല, അതിൽ ഉപരിയായി തങ്ങളെതന്നെ നൽകണം. തങ്ങളുടെ ശരീരത്തെ പൂർണമായി നൽകണം - നമ്മുടെ മനസ്സ്, നമ്മുടെ ആഗ്രഹങ്ങൾ, ശരീരവുമായി ബന്ധപ്പെട്ട പ്രവർത്തങ്ങൾ, എല്ലാം ഇതിൽ ഉൾപ്പെടുന്നു. എന്നാൽ സമർപ്പണത്തെ ഒരിക്കലും രക്ഷയുമായി കൂട്ടികുഴക്കരുത്. രക്ഷ ദൈവത്തിന്റെ ദാനമാണ്; രക്ഷയിലൂടെ ദൈവം നമ്മെ നീതീകരിക്കുന്നു. രക്ഷിക്കപ്പെട്ട ദൈവമക്കൾ ഉടൻതന്നെ തങ്ങളെ ക്രിസ്തുവിനുവേണ്ടി സമർപ്പിക്കുന്നു; ചിലർ ദൈവരാജ്യ വ്യാപനത്തിനായി തങ്ങളെ സമർപ്പിക്കുന്നു.

ഒന്നുകൂടെ വ്യക്തമാക്കട്ടെ - രക്ഷയുടെ അടിസ്ഥാനം സമർപ്പണമല്ല; എന്നാൽ സമർപ്പണം അടിസ്ഥാനപ്പെടുത്തിയിരിക്കുന്നതു രക്ഷയിലാണ്. രക്ഷിക്കപെടുന്ന ഓരോരുത്തരേയും ക്രിസ്തു തന്നോടൊപ്പമുള്ള യാത്രക്കായി വിളിക്കുന്നു, ആ യാത്ര ചെയ്യണമെങ്കിൽ ക്രിസ്തുവിനു മുൻപിൽ നമ്മെ പൂർണമായി സമർപ്പിക്കണം. ഒരു വ്യക്തിയുടെ ആത്മീയ വളർച്ചക്ക് സമർപ്പണം കൂടിയേ തീരു.

**സമർപ്പണവും പുനർസമർപ്പണവും**

സമർപ്പിത ജീവിതത്തിൽ നിരന്തര വചനധ്യാനത്തിനും പ്രാർത്ഥനയ്ക്കും വളരെ പ്രാധാന്യമുണ്ട്. ദിനംതോറും ഇത് വ്യക്തിപരമായി ചെയ്യുന്നതോടൊപ്പം അവസരം കിട്ടുമ്പോളൊക്കെ വചനകേൾവിക്കും ധ്യാനത്തിനുമായി ആരാധനയിലും കൂട്ടായ്മകളിലും പങ്കാളികളാവുക. അപ്പോൾ സമർപ്പണത്തിൽ വന്ന കുറവുകളെ തിരിച്ചറിയുന്നതിനും പുനർസമർപ്പിക്കുന്നതിനും നമുക്ക് സാധിക്കും, ഇത് നമ്മെ വിശുദ്ധീകരണത്തിലേക്കു നയിക്കും. റോമർ 12:2 ഇതാണ് സമർപ്പിക്കപ്പെട്ടവരോട് പൗലോസ് ആവശ്യപ്പുന്നതു - "ഈ ലോകത്തിനു അനുരൂപരാകാതെ നന്മയും പ്രസാദവും പൂർണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു മനസ്സ് പുതുക്കി രൂപാന്തരപ്പെടുവിൻ". രൂപാന്തരം ഒരു തുടർപ്രക്രിയയാണ് അത് നമ്മെ കൂടുതൽ കൂടുതൽ വിശുദ്ധിയിലേക്കു നയിച്ച് അവസാനം ക്രിസ്തുവിനെപ്പോലെ ആയിത്തീരുവാൻ നമ്മെ ഒരുക്കുന്നു/ സഹായിക്കുന്നു. അതുകൊണ്ടു ഒരിക്കലായി സമർപ്പിച്ചാൽ എല്ലാം ആയി എന്ന് ചിന്തിക്കാതെ വചനധ്യാനത്തിലോ കേൾവിയിലോ നമ്മുടെ കുറവുകൾ ചൂണ്ടികാണിക്കപ്പെട്ടാൽ ഏറ്റുപറഞ്ഞു പുനർസമർപ്പിച്ചു കൂടുതൽ വിശുദ്ധിയിലേക്ക് നയിക്കപ്പെടേണ്ടത് ആവശ്യമാണ്.

**സമർപ്പണത്തിന്റെ വർഷം - സഭയുടെ ദർശനം**

സമർപ്പണത്തിന്റെ ഭാഗമാണ് അനുസരണം. അതിനാൽ ദൈവസന്നിധിയിൽ സമർപ്പിതരായ ഓരോരുത്തരും ദൈവം തിരുവചനത്തിലൂടെ നൽകിയ നിർദേശങ്ങൾ കണ്ടെത്തി അനുസരിക്കുക. 1) നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്കു യോഗ്യമാംവണ്ണം പൂർണ്ണവിനയത്തോടും സൗമ്യതയോടും ദീർഘക്ഷമയോടുംകൂടെ നടക്കുക (എഫെ 4:1). 2) സ്നേഹത്തിൽ അന്യോന്യം പൊറുക്കുക. 3) നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊൾക (എഫെ. 4:24). 5) തിന്മക്കു പകരം തിന്മ ചെയ്യാതെ ... എപ്പോഴും നന്മ ചെയ്തുകൊണ്ടിരിക്കുവിൻ (1 തെസ്സ.5:15-18). 6) എപ്പോഴും സന്തോഷിപ്പിൻ,ഇടവിടാതെ പ്രാർത്ഥിപ്പിൻ, എല്ലാറ്റിനും സ്തോത്രം ചെയ്‍വിൻ. 7) ഏറ്റവും അധികമായി ഭയത്തോടും വിറയലോടും നിങ്ങളുടെ രക്ഷക്കായി പ്രവർത്തിപ്പിൻ (ഫിലി.2:12). 8) എല്ലാം പിറുപിറുപ്പും വാദവും കൂടാതെ ചെയ്‍വിൻ (ഫിലി.2:14). ഇതല്ലാതെ ഒട്ടനവധി കല്പനകളും നിർദേശങ്ങളും നമുക്കായി നൽകപ്പെട്ടിരിക്കുന്നു, ദൈവം നമ്മിൽ കുറവെന്ന് കണ്ടു ചൂണ്ടിക്കാണിക്കുന്നവ ഉൾക്കൊണ്ട് അവ നേടുവാൻ പരിശ്രമിക്കുക.

**അല്മായരുടെ സമർപ്പണം**

എല്ലാ അല്മയരും ദൈവത്താൽ വിളിക്കപെട്ടവരും തെരെഞ്ഞെടുക്കപെട്ടവരും രാജകീയ പുരോഹിത വർഗ്ഗവുമാണ്. ലഭിച്ചിരിക്കുന്ന വിളിക്കനുസരണമായുള്ള സമർപ്പണം ഇപ്പോഴും ഉണ്ടോ എന്ന് സ്വയം ശോധന കഴിച്ചു പുനർസമർപ്പണം ചെയ്യുക. ഏലി പുരോഹിതന്റെ തെറ്റ് അവർത്തിക്കപ്പെടാതിരിക്കാൻ നമുക്ക് നല്കപ്പെട്ടവയുടെ നല്ല കാര്യവിചാരകത്വം നടത്തുകയും, മറ്റുള്ളവരെ സമർപ്പണത്തിലേക്കു നയിക്കുന്നതിനായി പ്രയത്നിക്കയും ചെയ്യുക. നമ്മുടെ തന്നെ സഹോദരീ സഹോദരരെ ആത്മീയമായി ഉണർത്തുവാനും ശക്തിപെടുത്താനുമുള്ള കർമ്മപദ്ധതികൾ രൂപീകരിക്കണം, മെല്ലെപോക്ക് നമുക്കൊരിക്കലും ഭൂഷണമല്ല. വചനനുസരണം സഭയെ കെട്ടുപണിചെയ്യാൻ പട്ടക്കാരോടൊപ്പം കൂട്ടുത്തരവാദിത്വം ഉള്ള അല്മായർ, പരപ്രേരണ കൂടാതെതന്നെ സഭയെ ആത്മീയമായി വളർത്തുന്നതിനുള്ള പദ്ധതികളും പ്രവർത്തനങ്ങളും ഈ വർഷം ഏറ്റെടുക്കുവാൻ തയ്യാറാകണം.

സമർപ്പണം ഒരു വിശുദ്ധവിവാഹം പോലെയാണ്. വിവാഹ ബന്ധത്തിലെ പാകപ്പിഴകൾ പരിഹരിക്കാൻ വീണ്ടും ആ വ്യക്തിയെ തന്നെ വിവാഹം കഴിച്ചാൽ തീരുകയില്ല. പകരം ബന്ധത്തിൽ വിള്ളൽ വീഴ്ത്തിയ ആൾ താഴ്മയോടും ക്ഷമാപണത്തോടും പുനർക്രമീകരണത്തോടും കൂടെ ബന്ധം തിരിച്ചുപിടിക്കാൻ ശ്രമിക്കുമ്പോൾ വിവാഹബന്ധം ശക്തിപ്പെടും. സമർപ്പണത്തിലെ പോരായ്മ പരിഹരിക്കുവാൻ ഇഹലോകവാസം തീരുന്നതുവരെ സമയമുണ്ട്. നമ്മുടെ ദൈവത്തോടു ചേർന്നുള്ള പരിശ്രമം ഒരു ഉദാത്തമായ സമർപ്പണ ജീവിതത്തിനു നമ്മെ സഹായിക്കും.

സ്നേഹത്തോടെ
റവ. ഏബ്രഹാം ജി. സത്യനാഥൻ

# Lectionary January 2025

| DATE | DAY | THEME | LESSONS |
|---|---|---|---|
| 05.01.2025<br>07.00 AM<br>HC Service | 2nd Sunday after Christmas | Revelation for Salvation | Exod. 3:1-14<br>Psalm 27<br>Acts 16:6-10<br>John 12:20-32 |
| 12.01.2025<br>11.15 AM<br>HC Service | 1st Sunday after Epiphany | Be Holy | Deut. 7:1-11<br>Psalm 5<br>Eph. 5:18-20<br>John 17: 13-17 |
| 19.01.2025<br>11.15 AM<br>HC Service | 2nd Sunday after Epiphany | One Body and One Baptism | Amos 9:5-12<br>Psalm 115<br>Eph. 4:1-6<br>Matt. 16: 13-20 |
| 26.01.2025<br>11.15 AM<br>HC Service | 3rd Sunday after Epiphany | United in Love | Deut. 4:1-10<br>Psalm 30<br>1 Cor. 1:10-18<br>John 15:11-17 |
| 02.02.2025<br>11.15 AM<br>HC Service | 4th Sunday after Epiphany | Praise the Lord | Exod. 9:1-7<br>Psalm 81<br>Rev. 5:1-14<br>John 2:13-22 |

# Sunday & Special Service in January 2025

| Date | Time | Service |
|---|---|---|
| 05.01.2025 | 7 AM | Malayalam H. C. Service |
| 12.01.2025 | 11.15 PM | Malayalam H. C. Service |
| 19.01.2025 | 11.15 AM | Malayalam H. C. Service |
| 26.01.2025 | 11.15 AM | Malayalam H. C. Service |
| 02.02.2025 | 11.15 AM | Malayalam H. C. Service |

## Church News & Notices:

- **Union Sunday Service:** Mumbai-Pune Union Sunday Service will be conducted in All Saint's Church, Khadki, Pune on 9th February 2025, 1 PM. Bus will be arranged for the travel from Kalyan. Request members to give your names to secretary for the head count.
- MKD Convention: CSI Madhya Kerala Diocese convention will be conducted from Jan. 26 to Feb. 2, 2025. Details is posted in Whatsapp group. Shalom Mumbai Mission stall will be working on the convention venue during the time.
- All Church transactions should be done using the below account number.
  **Name: ST. CHRISTOPHER'S CHURCH CNI MALAYALAM CONGREGATION**
  **A/c No: 0467073000001097**
  **SOUTH INDIAN BANK, KALYAN WEST**
  **IFSC CODE: SIBL0000467**

## Please Pray For:

- People experiencing hardships due to Pandemic, famine, and the ongoing war in Ukraine, Palestine etc.
- All elders of our Church, our members who are sick, suffering and in pain.
- Our members who have difficulty in work, job and business.
- All mission fields and missionaries in India and in the world Our own mission work, Shalom Mumbai Mission – inmates, staff, trustees. Our Bishops, Presbyters and Lay Leaders



## BIBLE READINGS

| DATE | LESSON 1 | LESSON 2 | PSALM | KISS OF PEACE | OFFERTORY | ELEMENTS |
|---|---|---|---|---|---|---|
| 05.01 | Mrs. Sini Abraham | Mr. Moncy G. Mathai | Mrs. Sumati Simon | Mrs. & Mr. Vincent Paul | Mrs. & Mr. Shaji Varghese | Mrs. Sheela Varghese |
| 12.01 | Mr. T. M. George | Miss. Isha Thomas | Mrs. Mini David | Mrs. & Mr. Moncy K. Varghese | Mrs. & Mr. Ajo John | Mr. Joji T. Jacob |
| 19.01 | Mr. Moncy G. Mathai | Mrs. Mariamma Varghese | Mrs. Kala Joji | Mr. & Mrs. K. K. Varghese | Mrs. & Mr. Babu Mathew | Mr. Baby M. Benny |
| 26.01 | Alan C. John | Miss. Edna Silus | Mrs. Nirmala Thomas | Mr. & Mrs. Vinay C. Cherian | Mrs. & Mr. Kunjappy Samuel | Mr. K. S. Mathew |
| 02.02 | Mrs. Beena Viju | Mr. Kevin Babu | Mrs. Susan Baby M. | Mrs. & Mr. G. Thomas Wilson | Mrs. Sheela Varghese & Mrs. Mariam Varghese | Mr. Thomas Sam Paul |

## BIRTHDAYS

| | | | |
|---|---|---|---|
| 02.01 | Mrs. Mary Paul | 17.01 | Mrs. Mariamma Varghese |
| 05.01 | Mr. T.M. George | 26.01 | Mr. Alan C. John |
| 08.01 | Mrs. Mini David Jacob | 03.02 | Miss. Binny Baby Mulamoottil |
| 17.01 | Mr. Moncy G Mathai | | |

## WEDDING ANNIVERSARY

| | |
|---|---|
| 08.01 | Mr. Moncy K. Varghese & Mrs. Sherly Moncy |
| 18.01 | Mr. K.K. Varghese & Mrs. Mariamma Varghese |
| 26.01 | Mr. Vinay C. Cherian & Mrs. Bindu Vinay |

# Cottage Prayer Rota

| | | | |
|---|---|---|---|
| 1 | Thomson William Paul | Kalyan East | |
| 2 | Varghese Thomas | Kalyan West | |
| 3 | Beena Viju | Kalyan West | |
| 4 | David Jacob K. | Kadakpada | |
| 5 | Kunjappy Samuel | Kalyan East | |
| 6 | Mariam Alexander | Dombivili East | |
| 7 | Nirmala Thomas | Dombivili East | |
| 8 | Sheela Varghese | Dombivili West | |
| 9 | Thomas Sam Paul (Biju) | Kalyan West | |

| **Pastorate Committee** | |
|---|---|
| Rev. Abraham G. Sathyanathan (Presbyter in-charge) | 9961572105 |
| Mrs. Jigy Bency (Hon. Secretary) | 9029530437 |
| Mr. Moncy G. Mathai (Joint Secretary) | 9769114593 |
| Mr. Kurien Varghese (Hon. Treasurer) | 9082548806 |
| Mr. Moncy K. Varghese (Joint Treasurer) | 8691091093 |
| Mr. K. S. Mathew | 9594727292 |
| Mrs. Susan Baby Mulamoottil | 9765628833 |
| Mr. David Jacob K. | 9820307703 |
| Mrs. Ancy Vijay | 9665738802 |
| Mr. Varghese Thomas | 9594241922 |
| Mrs. Mini David (WF Ex-offico Member) | 8097091002 |
| Miss. Akansha Joji (Youth Ex-offico Member) | 9870275082 |
| Miss. Edna Silus (SS Ex-offico Member) | 9769139772 |

## SHALOM MISSION PROJECT CONTRIBUTIONS

Bank Account details

A/c Name : **Shalom Charitable Trust**

A/c No : **465010100004367**

Bank : **Axis Bank**

Branch : **Lamington Road**

IFSC : **UTIB0000465**

**UNION SERVICE @ ST. PAUL'S, PUNE:** 2025 FEB. 9, 1 PM

**WF SUNDAY & WF HARVEST FEST:** 2025 MAR. 2

**ASH WEDNESDAY:** 2024 MAR. 5, 7 PM



**Church Address:**
St. Christopher's (CNI)
Malayalam Congregation,
Near Central Railway Hospital,
Kalyan West - 421301

**Parsonage Address:**
1st Floor,
Kadesh Bhavan,
Mhasoba Maidan,
Kalyan West 421306